പ്രധാനപ്പെട്ട പ്രശ്നം, ഒരു പഞ്ചായത്തിനകത്ത് ഒരു ശുദ്ധജലവിതരണ പദ്ധതി വന്നാലും ആ പഞ്ചായത്തിലെ ഒന്നോ രണ്ടോ വാർഡുകൾക്കായിരിക്കും അതിന്റെ പ്രയോജനം ലഭിക്കുക. പൊതുവായിട്ടുണ്ടാകുന്ന, ഇപ്പോൾ സംഭവിച്ചതുപോലെയുള്ള വരൾച്ച നേരിടാൻ വാട്ടർ അതോറിറ്റി മാത്രമല്ല ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഒരുപോലെ മുന്നോട്ട് നീങ്ങിയാലെ കഴിയൂ. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഇത്രയും ഗൗരവമായി അതിനെ കണ്ട് മന്ത്രിമാർക്ക് ജില്ലകളുടെ ചാർജ് കൊടുത്ത് അടിയന്തിര നടപടിയെടുക്കുന്നതിന് വേണ്ടി മുന്നോട്ട് പോകുന്നത്. അങ്ങയുടെ നിർദ്ദേശവും വളരെ ഗൗരവമായിട്ട് പരിഗണിക്കുന്നതാണ്.

(18) അനധികൃതമായി പോലീസ് പിടിച്ചെടുത്ത മണൽലോറികൾ ഉടമകൾക്ക് വിട്ടുകൊടുക്കണമെന്ന ആവശ്യം

ശ്രീ. വി. ജെ. പൗലോസ്: കോതമംഗലം നിയോജക മണ്ഡലത്തിലെ കവളങ്ങാട് പഞ്ചായത്ത് അധികൃതർ നൽകിയ ടോക്കൺ കൊടുത്ത് മണൽ നിറച്ച് പാസുകൾക്കായി അതാത് കടവുകളിൽ കാത്തുകിടന്നിരുന്ന 19 ലോറികളെ മണൽവേട്ട എന്ന വ്യാജേന അനധികൃതമായി വിജിലൻസ് പോലീസ് പിടിച്ചെടുത്തിട്ട് 19 ദിവസം കഴിഞ്ഞു. നിരപരാധികളായ ഉടമകൾക്ക് വാഹനങ്ങൾ വിട്ടുകൊടുക്കാത്ത നടപടി നിലനിൽക്കുകയാണ്. മണൽവാരൽ നിയന്ത്രണ നിയമമനുസരിച്ച് പോലീസ് വാഹനങ്ങൾ പിടിച്ച് കേസാക്കിയാൽ തുടർന്ന് ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്ത് കളക്ടർ പരിശോധിച്ച് തീരുമാനമെടുക്കുന്ന നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാത്തത് മനപൂർവ്വമാണ്. കടവുകളിൽ പാസ്സിനായി കാത്തുകിടക്കുമ്പോൾ മണൽ കളളക്കടത്തിന്റെ പേരിൽ കടവുകളിൽ കിടന്ന വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തതിന്റെ ന്യായമാണ് മനസ്സിലാകാത്തത്. ഓട്ടത്തിലുളള വാഹനങ്ങൾ കൃത്യമായി പാസ്സില്ലാതെ വരുമ്പോഴാണ് കളളക്കടത്താകുന്നത്. നടപടിയിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തി നിരപരാധികളെ ശിക്ഷിക്കുന്നത് ഒഴിവാക്കി വാഹനങ്ങൾ വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതിന് പകരം വാഹന ഉടമകളെ ബുദ്ധിമുട്ടിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് നീതി നിഷേധിക്കാതെ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* എറണാകുളം-ആലുവ-നേര്യമംഗലം കടവ്, അഹിമപ്പടി കടവ്, മണിയാമ്പാറ കടവ് എന്നിവിടങ്ങളിൽ നിന്ന് അനധികൃതമായി മണൽ കയറ്റിയ 19 ലോറികൾ 15-3-2005-ൽ കുന്നത്തുനാട് അഡീഷണൽ തഹസീൽദാരും എറണാകുളം വിജിലൻസും ചേർന്ന് പോലീസ് സംരക്ഷണത്തിൽ പിടിച്ചെടുത്തു. വാഹന പരിശോധന നടത്തിയ അവസരത്തിൽ വാഹനങ്ങൾക്ക് മണൽവാരുന്നതിനുള്ള പാസുകളുണ്ടായിരുന്നില്ല. അതിനെത്തുടർന്ന് തഹസീൽദാരുടെ മൊഴിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഊന്നുകാൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും മണൽ പരിശോധനയ്ക്കായി ജിയോളജിസ്റ്റ് സാമ്പിൾ എടുത്തിട്ടുള്ളതും വിവരം കോടതിയെ അറിയിച്ചിട്ടുള്ളതുമാണ്. കോടതി നിർദ്ദേശ പ്രകാരം ഊന്നുകാൽ പോലീസ് സ്റ്റേഷനിൽ 19 വാഹനങ്ങളും സൂക്ഷിച്ചുവരുന്നു. കേസിന്റെ അന്വേഷണം അവസാനഘട്ടത്തിലാണ്. കോടതിയിൽ കുറ്റപത്രം ഉടൻതന്നെ സമർപ്പിക്കുന്നതാണ്.

(19) മാവൂർ ഗ്വാളിയോർ റയോൺസിന്റെ കെട്ടിടത്തിൽ പുതിയ വ്യവസായം തുടങ്ങണമെന്ന ആവശ്യം

ശ്രീ. യു. സി. രാമൻ: സർ, എന്റെ മണ്ഡലത്തിലെ മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിയിട്ട് വർഷം ആറ് കഴിഞ്ഞിരിക്കുകയാണ്. ഈ കമ്പനി അടച്ചുപൂട്ടിയതോടുകൂടി മാവൂർ മാത്രമല്ല കോഴിക്കോട് ജില്ലയുടെ തന്നെ സാമ്പത്തികമേഖലയ്ക്ക് വലിയ ആഘാതമുണ്ടായിരിക്കുകയാണ്. 1384 കരാർത്തൊഴിലാളികൾ ആനുകൂല്യം കിട്ടുന്നതിനുവേണ്ടി ഇന്നും സമരമുഖത്താണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഈ തൊഴിലാളികൾക്ക് 25,000 രൂപ വീതം ആനുകൂല്യമായി നൽകണമെന്ന് മാനേജ്മെന്റിനോട് നിർദ്ദേശിച്ചിരുന്നു. അതും ഇതുവരെ നടപ്പിലായിട്ടില്ല. വ്യവസായ ആവശ്യത്തിന് മാത്രമായിട്ടാണ് 400 ഏക്കർ ഭൂമി ബിർള മാനേജ്മെന്റിന് നാമമാത്രമായ വിലയ്ക്ക് സർക്കാർ നൽകിയത്. ബിർള മാനേജ്മെന്റ് പ്രസ്തുത സ്ഥലം ഇന്ന് ആ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നില്ല. ആ സ്ഥലം ഇന്ന് കാടുപിടിച്ച് നശിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുണ്ടായിരുന്ന അനുബന്ധ കെട്ടിടങ്ങൾ മുഴുവൻ ദ്രവിച്ച് വീണുകൊണ്ടിരിക്കുകയാണ്. അവിടെ എല്ലാവിധ ഭൗതികസാഹചര്യങ്ങളുമുണ്ട്. ചാലിയാർ പുഴ, വൈദ്യുതി, നല്ല റോഡ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. എല്ലാ ഭൗതിക സാഹചര്യങ്ങളും ഉപയോഗിച്ചുകൊണ്ട് ഈ സ്ഥലം സർക്കാർ ഏറ്റെടുത്തോ മറ്റ് മേഖലകളിലേക്ക് കൈമാറിയോ ഏതെങ്കിലും തരത്തിൽ ഈ സമരം ഒത്തുത്തീർപ്പാക്കി അവിടെ പുതിയ വ്യവസായം ആരംഭിക്കാനാവശ്യമായ സത്വര നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):* സർ, ഗ്രാസിം കമ്പനിയുടെ മാവൂരിലുള്ള ഫാക്ടറികൾ മാനേജ്മെന്റ് അടച്ചുപൂട്ടുകയും 2001 ജൂലൈ 7-ാം തീയതി തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ ഒത്തുത്തീർപ്പിന്റെ അടിസ്ഥാനത്തിൽ മുഴുവൻ സ്ഥിരം തൊഴിലാളികൾക്കും നൽകേണ്ട നഷ്ടപരിഹാരത്തുകയും ഗ്രാറ്റുവിറ്റിയും പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഗ്രാസിം

LIBRARY ARCHIVES Kerala Legislative Assembly